**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : **Seeram Sambasiva Rao IAS**)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണവകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- കോഴിക്കോട് ജില്ല- അത്തോളി ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീമതി രൂപകല എം. എന്നവർക്കെതിരെ KCS(CC&A) Rule ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി - സേവനത്തിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ. LSGDPD/55641/2023VIGD4, തീയതി:03-10-2024**

പരാമർശം:
1) തദ്ദേശസ്വയംഭരണ(ഇപിബി) വകുപ്പിന്റെ 18/06/2022 തീയതിയിലെ സ.ഉ.(സാധാ)നം.1473/2022/LSGD നമ്പർ ഉത്തരവ്.
2) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 19/08/2023 തീയതിയിലെ LSGD/JD/KKD/2598/2023-A6 നമ്പർ കത്ത്.
3) താങ്കളുടെ 07/11/2023 തീയതിയിലെ എതിർവാദ പത്രിക.
4) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 17/11/2023 തീയതിയിലെ JD/KKD/4991/2023-A12 നമ്പർ അഭിപ്രായ റിപ്പോർട്ട്.
5) ഈ കാര്യാലയത്തിലെ 28/12/2023 തീയതിയിലെ മേൽ നമ്പർ ഉത്തരവ്.
6) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 02/05/2024 തീയതിയിലെ JD/KKD/4991/2023-A12 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
7) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 21/08/2024 തീയതിയിലെ JD/KKD/4991/2023-A12 നമ്പർ അഭിപ്രായ റിപ്പോർട്ട്.
8) ഈ കാര്യാലയത്തിലെ 09/07/2024 തീയതിയിലെ മേൽ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
9) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 21/08/2024 തീയതിയിലെ JD/KKD/4991/2023-A4 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായിരുന്ന ശ്രീമതി രൂപകല എം. ന് ബ്രിട്ടനിലെ ലസ്റ്റർ യൂണിവേഴ്സിറ്റിയിൽ **Advanced Software Engineering with Industry MSc** കോഴ്സ് പൂർത്തിയാക്കുന്നതിനായി **28/09/2020** മുതൽ **28/09/2022** വരെ **KSR** ഭാഗം **1** അനുബന്ധം **XII-B** പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അവധി **28/09/2022** ന് അവസാനിച്ചിട്ടും ശ്രീമതി രൂപകല എം. ഓഫീസിൽ ഹാജരാവുകയോ അവധി നീട്ടിനൽകുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും, ഓഫീസിൽ ഹാജരാവുന്നതിന് വേണ്ടി അത്തോളി ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീമതി രൂപകല എം.ന് രണ്ട് കത്തുകൾ നൽകിയിട്ടും ആയത് കൈപ്പറ്റാതെ തിരികെ വന്നിട്ടുണ്ടെന്നും, ടിയാരി അനധികൃത ഹാജരില്ലായ്മയിൽ തുടരുകയാണെന്നും പരാമർശം **(2)** പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ പരാമർശം **(1)** ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട അവധിക്ക് ശേഷവും ജോലിയിൽ പുനഃപ്രവേശിക്കാതെ **29/09/2022** തീയതി മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതിനാൽ ശ്രീമതി രൂപകല എം. ന്റെ നടപടി ഗുരുതരമായ ചട്ടലംഘനവും, കൃത്യവിലോപവും, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ ലംഘനവും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമായതിനാൽ ശ്രീമതി രൂപകല എം. നെതിരെ **1960** ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15** അനുസരിച്ച് പരാമർശം **(3)** പ്രകാരം ചുവടെ ചേർക്കുന്ന കുറ്റങ്ങൾ ചുമത്തി കുറ്റാരോപണമെമ്മോ/പത്രിക നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

- *അവധി **28/09/2022** ന് അവസാനിച്ചിട്ടും ശ്രീമതി രൂപകല എം. ഓഫീസിൽ ഹാജരായിട്ടില്ല.*
- *ആഫീസിൽ ഹാജരാവുന്നതിന് വേണ്ടി അത്തോളി ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീമതി രൂപകല എം. ന് 2 കത്തുകൾ നൽകിയിരുന്നെങ്കിലും അനുവദിക്കപ്പെട്ട അവധിക്ക് ശേഷവും ജോലിയിൽ പുനഃപ്രവേശിക്കാതെ **29/09/2022** തീയതി മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നു.*

പരാമർശം **(3)** പ്രകാരം നൽകിയിട്ടുള്ള കുറ്റാരോപണമെമ്മോ/പത്രികയ്ക്ക് പരാമർശം **(4)** പ്രകാരം ശ്രീമതി രൂപകല എം. സമർപ്പിച്ചിട്ടുള്ള എതിർവാദ പത്രികയിൽ, വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടി വിദേശത്ത് പോകുന്നതിനായി നൽകിയ അവധി അപേക്ഷ പ്രകാരം **2023** ഏപ്രിൽ വരെയാണ് അവധിക്ക് അപേക്ഷിച്ചിരുന്നതെന്നും, ലീവ് സംബന്ധിച്ച രേഖകൾ വീട്ടഡ്രസ്സിലേക്കാണ് എത്തിയിരുന്നത് എന്നതുകൊണ്ടും, സ്ഥലത്തില്ലാത്തതിനാലും രജിസ്റ്റേർഡ് തപാലുകൾ മറ്റൊരാൾക്ക് കൈമാറില്ല എന്നതുകൊണ്ടും **2022** സെപ്റ്റംബർ വരെ മാത്രമേ ലീവ് അനുവദിച്ച് കിട്ടിയിരുന്നുള്ളൂ എന്നറിഞ്ഞത് വളരെ വൈകിയാണെന്നും,

അത്തോളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ തുടരുന്നതിന് നിർവ്വാഹമില്ലെന്നും രാജിവെയ്ക്കുന്നതിന് സന്നദ്ധത അറിയിക്കുകയും ജോലി രാജിവെക്കുന്നതിന് ശ്രീമതി രൂപകല എം. ഇ-മെയിലായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും, മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വിദേശ രാജ്യത്ത് കുടുംബസമേതം താമസിക്കുന്ന ടിയാരി മറുപടിയിൽ വ്യക്തമാക്കിയ സാഹചര്യങ്ങൾ കണക്കിലെടുത്തും, കുട്ടികളുടെ പഠനാവശ്യാർത്ഥം വിദേശത്ത് തുടരേണ്ട സാഹചര്യം അനിവാര്യമായതിനാലും, കുട്ടികളെ തനിച്ചാക്കി നാട്ടിലേക്ക് വരുന്നതിന് അമ്മ എന്ന നിലയിൽ നിലവിൽ നേരിടുന്ന പ്രയാസങ്ങൾ കണക്കിലെടുത്തും, ശ്രീമതി രൂപകല എം. രാജികത്ത് സമർപ്പിച്ച സാഹചര്യത്തിലും, ആയത് സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പിട്ട് പൂർണ്ണമായ ബോധ്യത്തോടും, സത്യസന്ധമായും സമർപ്പിച്ചതാണെന്ന് എഴുതി നൽകിയ സാഹചര്യത്തിലും, അവധി കാലാവധി കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്നത് ടിയാളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും, അവധി കാലാവധി കഴിയുന്നതിന് മുമ്പ് വ്യക്തിപരമായ അസൌകര്യങ്ങൾ അറിയിക്കുകയോ, അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്യാതിരുന്നത് ഉത്തരവാദപ്പെട്ട സർക്കാർ ജീവനക്കാരി എന്നുള്ള നിലയിൽ ടിയാരിയുടെ ഭാഗത്തുനിന്നുള്ള ജാഗ്രതക്കുറവായി കാണാവുന്നതാണെന്നും, ആയതിനാൽ ഇക്കാര്യത്തിൽ ടിയാൾക്കെതിരെ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ശ്രീമതി രൂപകല എം. പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുള്ള എതിർവാദ പത്രികയും, ആയതിന്മേൽ പരാമർശം (5) പ്രകാരം കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള അഭിപ്രായ റിപ്പോർട്ടും പരാമർശം (7) പ്രകാരം കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ പരാമർശം (1) പ്രകാരം പഠനാവശ്യത്തിനായി അനുവദിച്ചിട്ടുള്ള ശൂന്യവേതനാവധിയുടെ കാലാവധിക്ക് ശേഷം 29/09/2022 തീയതി മുതൽ ശ്രീമതി രൂപകല എം. അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതായി സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നുവെന്ന കാര്യം ശ്രീമതി രൂപകല എം. നിഷേധിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി രൂപകല എം. നെതിരെയുള്ള കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായും, അവധി കാലാവധി കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്നത് ശ്രീമതി രൂപകല എം. ന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും, അവധി കാലാവധി കഴിയുന്നതിന് മുമ്പ് വ്യക്തിപരമായ അസൌകര്യങ്ങൾ അറിയിക്കുകയോ, അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്യാതിരുന്നത് ഉത്തരവാദപ്പെട്ട സർക്കാർ ജീവനക്കാരി എന്നുള്ള നിലയിൽ ശ്രീമതി രൂപകല എം. ന്റെഭാഗത്തു നിന്നുള്ള ഗുരുതരമായ അച്ചടക്കലംഘനവും, ചട്ടലംഘനവും, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ ലംഘനവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണെന്നും ബോധ്യപ്പെട്ടിരിക്കുന്നു. കൂടാതെ ശ്രീമതി രൂപകല എം. എന്നവരുടെ അനധികൃത ഹാജരില്ലായ്മയിന്മേൽ കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി തുടർന്നു വരുന്ന സാഹചര്യത്തിൽ ശ്രീമതി രൂപകല എം. സമർപ്പിച്ചിട്ടുള്ള രാജി അപേക്ഷ പരിഗണനാർഹമല്ലെന്നും വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി രൂപകല എം.നെതിരെ 1960 ലെ കേരള സിവിൽ

കുട്ടികൾ **UK (United Kingdom)** സ്കൂളിൽ പഠിക്കുന്നതിനാൽ **Term Time** കഴിയാതെ നാട്ടിലേക്ക് തിരിച്ചു വരാൻ സാധിക്കാത്തതിനാൽ ശൂന്യവേതനാവധി 5 വർഷത്തേക്ക് നീട്ടുന്നതിന് താൽപര്യപ്പെടുന്നതായും അതിന്റെ ഭാഗമായി അഞ്ചു വർഷത്തേക്ക് ശൂന്യവേതനാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ നൽകാനിരിക്കവെയാണ് അച്ചടക്കനടപടികളുമായി ബന്ധപ്പെട്ട അറിയിപ്പ് **Mail** വഴി ലഭിച്ചിട്ടുള്ളതെന്നും, അപേക്ഷ നൽകുന്നതിൽ നേരിട്ട മനഃപൂർവ്വമല്ലാത്ത കാലതാമസം മാപ്പാക്കി അച്ചടക്കനടപടികൾ നിർത്തിവയ്ക്കണമെന്നും, എത്രയും വേഗം അവധി നീട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതാണെന്നും ആയതിനുള്ള സമയം അനുവദിച്ച് നൽകണമെന്നും അപേക്ഷിച്ചിരുന്നു.

ശ്രീമതി രൂപകല എം. സമർപ്പിച്ചിട്ടുള്ള എതിർവാദപത്രികയിന്മേൽ അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 28/09/2022 ന് അവധി അവസാനിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ശ്രീമതി രൂപകല എം. ലീവ് അപേക്ഷ ലഭ്യമാക്കിട്ടില്ലെന്നും, KSR അനുബന്ധം XII B പ്രകാരം പഠനാവശ്യത്തിന് എടുത്ത രണ്ട് വർഷ അവധി, കോഴ്സ് കാലാവധി അവസാനിച്ചിട്ടും അവധിയിൽ തുടരുന്നതും, അവധി ദീർഘിപ്പിക്കുന്നതിന് സമയബന്ധിതമായി അപേക്ഷ ലഭ്യമാക്കാതിരുന്നതും കൃത്യവിലോപമായി കണക്കാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ടതിനാൽ അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് ജോയിന്റ് ഡയറക്ടർ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിശ്ചയിച്ചു കൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (7) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

ആയത് പ്രകാരം ചുവടെ പറയുന്നവ റിപ്പോർട്ട് ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പിന്റെ 18/06/2022 തീയതിയിലെ സ.ഉ (സാധാ) നം. 1473/2022/തസ്വഭവ നമ്പറായി 28/09/2020 മുതൽ 28/09/2022 വരെ കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII-B പ്രകാരം പഠനാവശ്യത്തിനായി ശ്രീമതി രൂപകല എം. ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. 28/09/2022 ന് അവധി അവസാനിച്ചിട്ടും ശ്രീമതി രൂപകല എം. ജോലിക്ക് ഹാജരായില്ല എന്നത് വസ്തുതയാണ്. ഓഫീസിൽ ഹാജരാകുന്നതിന് അത്തോളി ഗ്രാമപഞ്ചായത്തിൽ നിന്നും ടിയാൾക്ക് രണ്ട് കത്തുകൾ നൽകിയിരുന്നെങ്കിലും അനുവദിക്കപ്പെട്ട അവധിക്ക് ശേഷവും ജോലിയിൽ പുനപ്രവേശിക്കാതെ 29/09/2022 തീയതി മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നുവെന്ന കാര്യം ടിയാരി നിഷേധിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി രൂപകല എം.നെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതായും, ടിയാരി നിലവിൽ കുടുംബസമേതം വിദേശത്താണെന്നും പ്രസ്തുത രാജ്യത്ത് ശ്രീമതി രൂപകല എം. ന്റെ ഭർത്താവ് ജോലി ചെയ്ത് വരുന്നതായും, കുട്ടികൾ സ്ക്കൂൾ വിദ്യാഭ്യാസം നേടി വരുന്നതായും നേർവിചാരണയിൽ ബോധ്യപ്പെടുകയുണ്ടായി.

സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്കനടപടി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം ശ്രീമതി രൂപകല എം. 29/09/2022 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് തീർപ്പാക്കുന്നതിന് പരാമർശം (8)പ്രകാരം താത്കാലികമായി തീരുമാനിച്ച് നോട്ടീസ് നൽകിയിരുന്നതും പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് മതിയായ വാദഗതികൾ ഒന്നും തന്നെ പരാമർശം (9) പ്രകാരമുള്ള ജോയിന്റ് ഡയറക്ടറുടെ കത്തിനോടൊപ്പം ശ്രീമതി രൂപകല എം. എന്നവർ ലഭ്യമാക്കിയിട്ടുള്ള കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ സമർപ്പിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായിരുന്ന ശ്രീമതി രൂപകല എം. (അനധികൃത ഹാജരില്ലായ്മയിൽ) നെ **സർവ്വീസിൽ നിന്നും നീക്കം** ചെയ്യുന്നതിനുള്ള **പരാമർശം (8) പ്രകാരമുള്ള താത്കാലിക തീരുമാനം** സ്ഥിരപ്പെടുത്തി **ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**Seeram Sambasiva Rao IAS**

**PRINCIPAL DIRECTOR**

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

SEERAM SAMBASIVA RAO IAS
PEN : 721045
**Principal Director**
**Local Self Government Department**
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

ശ്രീമതി രൂപകല എം.,

ക്ലാർക്ക് (അനധികൃത ഹാജരില്ലായ്മയിൽ),

അത്തോളി ഗ്രാമപഞ്ചായത്ത്,

കോഴിക്കോട്.(ജില്ലാജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, കോഴിക്കോട് മുഖേന)

പകർപ്പ് :

1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്.(ഉത്തരവ് നടപ്പിൽ വരുത്തി, നടപടി വിവര റിപ്പോർട്ട്, പകർപ്പ് ടിയാരിക്ക് നൽകി ടിയാരിയുടെ കൈപ്പറ്റ് പകർപ്പ് എന്നിവ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.)
2. സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്. (ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, കോഴിക്കോട് മുഖേന)
3. ജൂനിയർ സൂപ്രണ്ട്, DEC സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്.
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി